**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3901** **24/08/2017-ൽ മറുപടിയ്ക്ക്**

**<u>പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>,, അനിൽ അക്കര<br>,, റോജി എം. ജോൺ<br>,, ഷാഫി പറമ്പിൽ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടിക വർഗ്ഗ പെൺകുട്ടികളുടെ സമഗ്ര വികസനത്തിനുതകുന്ന ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | ഉണ്ട്. ഗോത്ര വാത്സല്യനിധി പദ്ധതി എന്ന പേരിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസം ഉറപ്പാക്കൽ, കഴിവ് മെച്ചപ്പെടുത്തുക, സാമൂഹ്യ പദവി ഉയർത്തുക എന്നീ കാര്യങ്ങൾക്കുവേണ്ടി ഒരു ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണിത്. പട്ടിക വർഗ്ഗ പെൺകുട്ടികളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനത്തിനായി ഗോത്ര വാത്സല്യ നിധി എന്ന പദ്ധതി ലക്ഷ്യമിടുന്നു. പെൺകുട്ടി പത്താം ക്ലാസ്സ് ആകുമ്പോഴോ, 18 വയസ്സ് ആകുമ്പോഴോ, ഈ ദീർഘകാല നിക്ഷേപപദ്ധതി പൂർത്തിയാവുന്നതാണ്. ഇതനുസരിച്ച് പെൺകുഞ്ഞിന്റെ ജനന രജിസ്ട്രേഷൻ, പ്രതിരോധ കുത്തിവെയ്പ്പ് സ്കൂൾ പ്രവേശനം തുടങ്ങി പത്താം ക്ലാസ്സ് എത്തുന്നതോടെ ഒരു സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്. ഇൻഷ്വറൻസ് തുക ജീവിത നിലനില്പിനായോ, ഉന്നത വിദ്യാഭ്യാസത്തിനോ ഉപയോഗിക്കാവുന്നതാണ്. ഇതിനായുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതും വാങ്ങൽ നടപടി ക്രമവും സർക്കാർ ഉത്തരവ് വഴി ആയിരിക്കണം. ഇതൊരു ദീർഘകാല പദ്ധതി ആയതിനാൽ ഇതിനായി ഒരു മോണിറ്ററിംഗ് സോഫ്റ്റ് വെയർ രൂപീകരിച്ച് ഗുണഭോക്താക്കളുടെ ഇൻഷ്വറൻസ് വരി സംഖ്യയുടെ അടവ് നിരീക്ഷിക്കേണ്ടതാണ്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിവരിക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | 01/04/2017 മുതൽ ജനിച്ച പട്ടികവർഗ്ഗ പെൺകുട്ടികളുടെ ഡേറ്റ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേന സ്വീകരിച്ചു വരികയാണ്. |
| (ഡി) | പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നു വെളിപ്പെടുത്തുമോ; | (ഡി) | 2017-18 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 2225-02-102-76-ഗോത്ര വാത്സല്യ നിധി (പ്ലാൻ) ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഇ) | പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) | ഗോത്രവാത്സല്യനിധി പദ്ധതിയ്ക്ക് ഭരണാനുമതി നല്കുന്നതിനായി പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് മുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ